LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) 2009-10 സാമ്പത്തികവർഷം പട്ടികജാതി കുടുംബങ്ങളുടെയും സങ്കേതങ്ങളുടെയും അടിസ്ഥാന വിവരശേഖരണം പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനവും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും സംയുക്തമായി നടത്തിയിരുന്നു. ടി സർവ്വേയിലെ അടിസ്ഥാന വിവരങ്ങൾ നിലവിൽ കാലോചിതമായി പുതുക്കേണ്ടതുണ്ട്. ഇതിനായി പട്ടികജാതി കുടുംബങ്ങളുടെയും സങ്കേതങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഒരു സമഗ്ര ഡിജിറ്റൽ സർവ്വേയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സർവ്വേയുടെ ഭാഗമായി Software Requirement Specification (SRS), Android and Web Application Sample Screen, Hosting of Android & Web Application, സർവ്വേയ്ക്കുള്ള Domain Registration, Pilot Survey, ജില്ലാതല ഉദ്യോഗസ്ഥർക്ക് ഓൺലൈൻ പരിശീലനം എന്നിവ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേ നടപടികളും ഡാറ്റാ അപഗ്രഥനവും പൂർത്തീകരിച്ചതിനുശേഷം പട്ടികജാതി കോളനികളിലെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ഉചിതമായ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. കോളനികളുടെ സമഗ്ര വികസനത്തിനായി ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി എന്ന പേരിൽ നിലവിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

പട്ടികജാതി/പട്ടിക ഗോത്ര വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

73 (5520) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീമതി ഒ. എസ്. അംബിക:

ശ്രീ. പി. വി. ശ്രീനിജിൻ:

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടിക ഗോത്രവിഭാഗങ്ങളിൽപ്പെട്ട വനിതകൾക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; വാത്സല്യനിധി, ഗോത്ര വാത്സല്യനിധി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപവരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്രവികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം.

ഗഡു	മാനദണ്ഡങ്ങൾ	പ്രീമിയം തുക
I)	1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം 2) ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം	39,000
II)	1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം 2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം.	36,000
III)	അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം.	33,000
IV)	പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസ്സായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി- യത് ഹാജരാക്കണം.	30,000

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വനിതകൾക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല. 1-4-2017 മുതൽ ജനിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി L.I.C.-യുമായി ചേർന്ന് ഗ്രോത്രുവാൽസല്യനിധി പദ്ധതി നടപ്പിലാക്കിവരുന്നു. L.I.C.-യുടെ വ്യവസ്ഥകളിൽ മാറ്റം വരുത്തിയതിനെ തുടർന്ന് പദ്ധതി തുടർ അംഗീകാരത്തിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) പട്ടികജാതി/പട്ടികഗോത്രങ്ങളിൽപ്പെട്ട പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് എന്തൊക്കെ വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ; ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഈ വിഭാഗത്തിനുവേണ്ടി പുതിയതായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇവർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി* ചേർക്കുന്നു. പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തുവരുന്നു. 2-7-2009-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി വിദ്യാഭ്യാസാനുകൂല്യപദ്ധതി നടപ്പിലാക്കിവരുന്നത്. ഈ ഉത്തരവിന്റെ പരിധിയിൽപ്പെടാത്ത 2.5 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ സ്കോളർഷിപ്പ് അനുവദിക്കുന്നു. കൂടാതെ നാഷണൽ എൻടൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുവേണ്ടി പുതിയതായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച് നൽകുന്നുണ്ട്. സംസ്ഥാനത്തെ പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ മുൻപുള്ള നിരക്കിനെക്കാൾ 20% വർദ്ധിപ്പിച്ചാണ് നിലവിൽ നൽകിവരുന്നത്. വിദ്യാഭ്യാസ ചെലവിലുണ്ടാകുന്ന വർദ്ധന വിനുസരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly